## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം **നമ്പർ : * 104** **28.04.2017** ൽ മറുപടിയ്ക്ക്

## ഭൂരഹിത കുടുംബങ്ങളില്ലാത്ത കേരളം പദ്ധതി

**ചോദ്യം**

**ശ്രീ.ജെയിംസ് മാത്യു**
**ശ്രീ.കാരാട്ട് റസാഖ്**
**ശ്രീ.സി. കെ. ശശീന്ദ്രൻ**
**ശ്രീ.കെ.വി.വിജയദാസ്**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കേരളത്തെ ഭൂരഹിത കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തിരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ 58,398 കുടുംബങ്ങൾക്കാണ് ഭൂമി അനുവദിച്ച് നല്കിയത്. ഇതിൽ വളരെ കുറച്ച് പേർക്ക് മാത്രമേ ഭൂമി കൈമാറിയിരുന്നുള്ളൂ. കൂടാതെ വിതരണം ചെയ്ത ഭൂമി വീട് വെയ്ക്കാൻ അനുയോജ്യമല്ലായെന്നും, വഴി സൗകര്യമില്ലായെന്നുമുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ള കേസുകളിൽ ആക്ഷേപങ്ങൾക്ക് പരിഹാരം കാണാനും, ഭൂമി വിട്ടുകൊടുക്കാൻ അവശേഷിച്ചിരുന്ന കേസുകളിൽ ആക്ഷേപരഹിതമായി ഭൂമി കൈമാറാനുമുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. ഇപ്പോൾ 30723 ഗുണഭോക്താക്കൾക്ക് ഭൂമി കൈമാറി കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഭൂമി വിതരണത്തിന് അർഹതയുള്ള എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്; | (ബി)ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 2,43,928 കുടുംബങ്ങളെയാണ് ഭൂമി ലഭിക്കാൻ അർഹതയുള്ള ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുള്ളത്. |
| സി) | ഇവർക്ക് നൽകാനായി എത്ര ഭൂമി വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ പദ്ധതിക്കായി വേണ്ട ഭൂമി കണ്ടെത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; വിശദമാക്കുമോ? | സി) അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഉദ്ദേശം 3240 ഹെക്ടർ ഭൂമി ആവശ്യമാണ്. 270.83 ഹെക്ടർ ഭൂമി നിലവിൽ കണ്ടെത്തിയിട്ടുണ്ട്. വീട് വയ്ക്കാൻ അനുയോജ്യമായതും, പതിവിന് വിധേയമായതുമായ ഭൂമി കണ്ടെത്തുന്നതിനുള്ള നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ